പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4551 25.06.2019-ലെ മറുപടിക്ക്

**'നാദാപുരം ചെക്യാട് അരീക്കരകുന്നിലെ പട്ടയ വിതരണം'**

**ചോദ്യം**

**ശ്രീ. ഇ.കെ.വിജയൻ**

**മറുപടി**

**ശ്രീ. ഇ. ചന്ദ്രശേഖരൻ**

**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | നാദാപുരം മണ്ഡലത്തിലെ ചെക്യാട് അരീക്കരകുന്നിലെ 160-ഓളം വരുന്ന താമസക്കാരുടെ പട്ടയ വിതരണത്തിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിൽ വടകര താലൂക്കിൽ ചെക്യാട് വില്ലേജിൽ 274.33 ഏക്കർ മിച്ചഭൂമി ഏറ്റെടുത്തതിനെതിരെ ഭൂവുടമയും മിച്ചഭൂമി കേസിൽ ഉൾപ്പെട്ടവരും ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസുകളിൽ ഉത്തരവ് പുന:പരിശോധിക്കാൻ ഹൈക്കോടതി ഉത്തരവ് വിട്ടതിൻ പ്രകാരം വടകര താലൂക്ക് ലാൻഡ് ബോർഡ് ബന്ധപ്പെട്ട കക്ഷികളെ വിചാരണ ചെയ്തു വരികയാണ്. |
| (ബി) | ഇനി എന്തൊക്കെ നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട്; | (ബി) | ഹൈക്കോടതി ഉത്തരവ് പ്രകാരമുള്ള വടകര താലൂക്ക് ലാൻഡ് ബോർഡിന്റെ വിചാരണ പൂർത്തിയാകേണ്ടതുണ്ട്. |
| (സി) | പ്രസ്തുത ഭൂമിയിൽ ഇപ്പോൾ എന്തെങ്കിലും സ്റ്റേ ഉത്തരവ് നിലനിൽക്കുന്നുണ്ടോ; | (സി) | നിലവിൽ സ്റ്റേ ഉത്തരവുകൾ ഒന്നും തന്നെയില്ല. |
| (ഡി) | പട്ടയ വിതരണം എന്ന് സാധ്യമാകുമെന്ന് വിശദമാക്കാമോ? | (ഡി) | ഹൈക്കോടതി ഉത്തരവ് പ്രകാരമുള്ള വടകര താലൂക്ക് ലാൻഡ് ബോർഡിന്റെ വിചാരണ പൂർത്തിയാക്കി ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ